**India Foundation for the Arts (IFA) invites applications for Productions Under its Arts Practice programme**

**ഇന്ത്യ ഫൗണ്ടേഷൻ ഫോർ ആട്സിന്റെ കലാപ്രയോഗപദ്ധതിയുടെ കീഴിൽ കലാസൃഷ്ടികളുടെ ആവിഷ്ക്കാരത്തിനുള്ള ഗ്രാന്റുകൾ ക്ഷണിക്കുന്നു**

**അവസാന തീയതി : Friday, June 09, 2023**

കലാപ്രവർത്തകർക്ക് അവരുടെ വർത്തമാനകാല പ്രവർത്തനങ്ങളെ പുതിയൊരു ദിശയിലേക്ക് വികസിപ്പിക്കുവാൻ ശേഷി നൽകുന്ന വിധമാണ് കലാപ്രയോഗ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കലയിലെ വ്യവസ്ഥാപിത സമ്പ്രദായങ്ങളെ ചോദ്യം ചെയ്യാനും; ഉള്ളടക്കം കൊണ്ട് പുതിയ മേഖലകളെ തുറന്നു കാണിക്കാനും; സ്ഥലം, സംവേദകർ, സമൂഹങ്ങൾ തുടങ്ങിയവയെകുറിച്ച് നവീനമായ ഇടപെടലുകൾ സാധ്യമാക്കാനും; പരീക്ഷണാഭിമുഖ്യത്തെ ഉൾവഹിക്കുന്ന പ്രയോഗപദ്ധതികളെ പ്രോത്സാഹിപ്പിക്കാനുമാണ് ലക്ഷ്യം വെയ്ക്കുന്നത്.

**കലാസൃഷ്ടികളുടെ ആവിഷ്ക്കാരം**

ശീലിച്ചു പോന്ന ചട്ടക്കൂടുകളെ വെല്ലുവിളിച്ചുകൊണ്ടും അല്ലെങ്കിൽ കലാരൂപങ്ങൾ സൃഷ്ടിക്കുന്നതിനും അവതരിപ്പിക്കുന്നതിനുമുള്ള പുതിയ സാധ്യതകൾ പര്യവേക്ഷണം ചെയ്തുകൊണ്ടും കലാപ്രയോക്താക്കൾ അവരുടെ കലാപരമായ യാത്രയിലെ ഒരു ഘട്ടത്തിൽ എത്തിച്ചേരാനിടയുണ്ട്. അന്വേഷണത്തിന്റെ ലഹരിയും പരീക്ഷണാത്മകതയും നിറഞ്ഞ മനോഭാവത്തോടെ ആവിഷ്ക്കാരങ്ങൾ സാധ്യമാക്കാൻ അത്തരത്തിലുള്ള അന്തർദാഹം വഴിയൊരുക്കുന്നുണ്ട്.

അത്തരമൊരു അന്വേഷണത്തിൽ നിന്ന് ഉരുത്തിരിയുന്ന ആവിഷ്ക്കാരങ്ങൾക്കായി, ആട്സ് പ്രാക്ടീസ് പ്രോഗ്രാമിന് കീഴിൽ ഞങ്ങൾ പ്രോപോസലുകൾ ക്ഷണിക്കുന്നു. അവതരണ സ്വഭാവമുള്ള കലാസൃഷ്ടികൾ, ശബ്ദകേന്ദ്രിതമായ ആവിഷ്ക്കാരങ്ങൾ, ചിത്രകല, ഡിജിറ്റൽ സൃഷ്ടികൾ, സാഹിത്യ കൃതികൾ, വിഷയാന്തർസ്വഭാവമുള്ള സൃഷ്ടികൾ തുടങ്ങിയവയുടെ ആവിഷ്ക്കാരം ഈ മേഖലയുടെ പരിധിയിൽ വരുന്നു. നാടകം, നൃത്തം, സംഗീതാവതരണങ്ങൾ, ഇൻസ്റ്റലേഷനുകൾ, കലാപ്രദർശനങ്ങൾ, പുസ്തകങ്ങൾ, സൈനുകൾ, ചലച്ചിത്രം മാധ്യമമായി വരുന്ന കലാസൃഷ്ടികൾ, ഗെയിമുകൾ, ഇന്റർഫേസ് ഉൾപ്പെടെയുള്ള മറ്റ് ഡിജിറ്റൽ കലാസൃഷ്ടികൾ, ഗർഭാവസ്ഥയിൽ നിന്ന് പുറത്തു വരാത്ത കലയുടെ ആശയങ്ങൾ തുടങ്ങി നാനാവിധത്തിലുള്ള ആവിഷ്ക്കാരനിർമ്മിതിക്ക് പ്രൊപോസലുകൾ സ്വാഗതം ചെയ്യുന്നു.

പദ്ധതിയുടെ കാലയളവ്: 18 മാസം വരെ

ബഡ്ജറ്റ്: പരമാവധി 5,00,000 രൂപ വരെ

പ്രൊപോസൽ സമർപ്പിക്കേണ്ട അവസാന തീയതി: **Friday, June 09, 2023**

**ആർക്കൊക്കെയാണ് പ്രൊപോസലുകൾ അയക്കാൻ കഴിയുന്നത്?**

കലയുമായി നേരിട്ടു ബന്ധമുള്ള വിഷയങ്ങൾ കേന്ദ്രീകരിച്ചും വിഷയാന്തർ സ്വഭാവമുള്ളതുമായ പദ്ധതികൾക്കാണ് കലാപ്രയോക്താക്കളിൽ നിന്ന് അപേക്ഷകൾ സ്വീകരിക്കുന്നത്.

- ☐ സംഗീതം, ശബ്ദകല, അക്ഷര-വാക്യകല (ടെക്സ്റ്റ്), നൃത്തം, ചലനകല, നാടകം, പാവകളി, കഥ പറച്ചിൽ, മാജിക്, സർക്കസ് തുടങ്ങി അവതരണ സ്വഭാവമുള്ള മേഖലകളിൽ പ്രവർത്തിക്കുന്ന കലാപ്രയോക്താക്കൾ
- ☐ സിനിമ (ഡോക്യുമെന്ററിയും ഫിക്ഷനും), അനിമേഷൻ, ഫോട്ടൊഗ്രഫി, ഇൻസ്റ്റലേഷൻ, ന്യൂമീഡിയ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, സമ്പർക്കസ്വഭാവമുള്ള കല, ഗെയിമിംഗ്, ചിത്രകല, ശിൽപകല, പ്രിന്റ് മേക്കിംഗ്, കോമിക് പുസ്തകങ്ങൾ, ഗ്രാഫിക് ആഖ്യാനങ്ങൾ, ആർടിസ്റ്റ് ബുക്ക് തുടങ്ങിയ മാധ്യമങ്ങളിലും, പലതരം മാധ്യമങ്ങൾ സംയോജിപ്പിച്ചു കൊണ്ടും സൃഷ്ടികൾ നടത്തുന്ന കലാപ്രയോക്താക്കൾ
- ☐ ഗാലറി സങ്കേതങ്ങൾക്ക് പുറത്ത് സംഘാടനം നിർവ്വഹിക്കുന്ന ക്യുറേറ്റർമാർ
- ☐ കവികൾ, നോവലിസ്റ്റുകൾ, നാടകകൃത്തുക്കൾ തുടങ്ങി സാഹിത്യാദി കലകളിൽ പ്രവർത്തിക്കുന്നവർ.
- ☐ വിഷയാന്തർസ്വഭാവത്തോടെ പ്രവർത്തിക്കുന്ന ക്രിയാത്മക പ്രവർത്തകർ.

**പ്രൊപോസലുകൾ എങ്ങനെ അയയ്ക്കാം?**

- ☐ ഇംഗ്ലീഷ് ഉൾപ്പെടെ ഏത് ഇന്ത്യൻ ഭാഷയിലും നിങ്ങളുടെ പ്രൊപോസൽ എഴുതാവുന്നതാണ്. ഇംഗ്ലീഷിതര ഇന്ത്യൻ ഭാഷകളിൽ സമർപ്പിക്കുന്ന പദ്ധതികളെ ഐഎഫ്എ പ്രോത്സാഹിപ്പിക്കുന്നു.

- ☐ ചുവടെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയാണ് പ്രൊപോസലുകൾ സമർപ്പിക്കേണ്ടത്

1. ഒരു പ്രയോക്താവ് എന്ന നിലയിൽ നിങ്ങളുടെ നിലവിലുള്ള കലാപ്രയോഗങ്ങൾ, ആശങ്കകൾ, താൽപര്യങ്ങൾ
2. നിങ്ങൾ ആവിഷ്ക്കരിക്കാൻ താൽപര്യപ്പെടുന്ന കലാസൃഷ്ടിയെക്കുറിച്ചുള്ള വിശദാംശങ്ങളും അതിനുള്ള കാരണവും
3. പദ്ധതി ആവിഷ്ക്കരിക്കുന്നതിനാവശ്യമായ വിശദമായ സമയക്രമവും ബജറ്റും
4. മുൻപ് ചെയ്തിട്ടുള്ള സൃഷ്ടികളുടെ ഉദാഹരണങ്ങൾ

**തിരഞ്ഞെടുപ്പ് പ്രക്രിയ:**

തെരഞ്ഞെടുക്കുന്ന പ്രോപോസലുകൾ ഒരു ബാഹ്യപാനൽ വിലയിരുത്തുകയും അപേക്ഷകർ അവരുടെ ആശയങ്ങൾ പാനലിൽ അവതരിപ്പിക്കുകയും വേണം. നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്ത പദ്ധതികൾ **September 2023** പ്രഖ്യാപിക്കും. നാല് പദ്ധതികൾ തിരഞ്ഞെടുക്കുകയും ഇവയെക്കുറിച്ചുള്ള ഐഎഫ്എയുടെ തീരുമാനം അന്തിമവുമായിരിക്കും.
പ്രൊപോസൽ സമർപ്പണം

**പൂർണ്ണമായ പ്രോപോസലുകൾ താഴെകാണും വിധം അയക്കേതാണ്:**

- ☐ ഇംഗ്ലീഷ് ഉൾപ്പെടെ ഏത് ഇന്ത്യൻ ഭാഷയിലും നിങ്ങളുടെ പ്രൊപോസൽ എഴുതാവുന്നതാണ്. ഇംഗ്ലീഷിതര ഇന്ത്യൻ ഭാഷകളിൽ സമർപ്പിക്കുന്ന പദ്ധതികളെ ഐഎഫ്എ പ്രോത്സാഹിപ്പിക്കുന്നു.

- ☐ പദ്ധതികൾ സമർപ്പിക്കുന്നതിനു അതെ പറ്റി ചർച്ച ചെയ്യുന്നതിനോ, മറ്റുള്ള സംശയദുരീകരണത്തിനോ ദയവായി sumana@indiaifa.org എന്ന ഇമെയിൽ വിലാസത്തിൽ **May 19, 2023** ന് മുൻപായി ബന്ധപ്പെടുക.

- ☐ ഫൈനൽ പ്രൊപോസലും അനുബന്ധ രേഖകളും 25 എം.ബിയിൽ കൂടാത്ത ഒരൊറ്റ ഇമെയിലായി സുമന ചന്ദ്രശേഖറിന്, sumana@indiaifa.org എന്ന ഇമെയിലിൽ, **Friday, June 09, 2023** വ്യാഴാഴ്ച്ചയോ അതിനു മുൻപോ അയക്കേണ്ടതാണ്.

  അപൂർണ്ണമായതും യോഗ്യതയുടെ പരിധിയിൽ വരാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

  സോണി പിക്ചേഴ്സ് എന്റർടൈൻമെന്റ് ഫണ്ടാണ് ആർട്സ് പ്രാക്ടീസ് പ്രോഗ്രാമിനെ പിന്തുണയ്ക്കുന്നത്

## Eligibility Criteriaയോഗ്യതാ മാനദണ്ഡങ്ങൾ

വിവിധ പരിപാടികൾക്ക് കീഴിൽ ഇന്ത്യ ഫൗണ്ടേഷൻ ഫോർ ദ ആർട്സ് (ഐഎഫ്എ) അതിന്റെ പദ്ധതികൾ നടപ്പിലാക്കുന്നു. ഈ പ്രോഗ്രാമുകൾക്ക് കീഴിൽ അപേക്ഷിക്കാനുള്ള യോഗ്യതകൾ ഇനിപ്പറയുന്നവയാണ്:

- ഇന്ത്യൻ പൗരന്മാർക്ക് മാത്രമേ അപേക്ഷിക്കാൻ കഴിയൂ. ഇതിൽ പി ഐ ഒ (ഇന്ത്യൻ വംശജരായ വ്യക്തികൾ), ഓ സി ഐ (വിദേശങ്ങളിലുള്ള ഇന്ത്യൻ വംശജർ) കാർഡ് ഉടമകൾ ഉൾപ്പെടുന്നില്ല.
- ഐഡന്റിറ്റിയും പൗരത്വും തെളിയിക്കുന്നതിനായി അപേക്ഷകർക്ക് പാൻ കാർഡും ഇനിപ്പറയുന്നവയിൽ ഏതെങ്കിലും ഒന്നും ഉണ്ടായിരിക്കണം - ഇന്ത്യൻ പാസ്പോർട്ട് അല്ലെങ്കിൽ ആധാർ കാർഡ് അല്ലെങ്കിൽ ഇന്ത്യയിലെ വോട്ടേഴ്സ് ഐഡി
- വ്യക്തികൾക്ക് മാത്രമേ അപേക്ഷിക്കാനാകൂ. ഏതെങ്കിലും തരത്തിലുള്ള സ്ഥാപനങ്ങൾക്ക് അപേക്ഷിക്കാൻ കഴിയില്ല
- പദ്ധതികളിൽ ഏതെങ്കിലും തരത്തിൽ സഹകരിക്കുന്നതിനായുള്ള വ്യക്തികൾ ഉണ്ടെങ്കിൽ അവരും ഇന്ത്യൻ പൗരന്മാരായിരിക്കണം
- ഐഎഫ്എയിൽ സാമ്പത്തിക ക്രമക്കേടിന്റെ മുൻകാല ചരിത്രമുള്ള വ്യക്തികൾക്ക് യോഗ്യതയുണ്ടായിരിക്കില്ല
- മുമ്പത്തെ ഐഎഫ്എ ഗ്രാന്റിൽ നിന്ന് ഐഎഫ്എ അംഗീകൃത ഡെലിവറബിളുകളിൽ നിക്ഷേപിക്കാത്ത വ്യക്തികൾക്ക് അർഹതയില്ല.
- ഏതെങ്കിലും കാരണത്താൽ ഭാവിയിൽ അപേക്ഷ നല്കുന്നതിൽ നിന്നും അനുവദിക്കുന്നതിനു വിലക്കേർപ്പെടുത്തിക്കൊണ്ടുള്ള കത്ത് ഐഎഫ്എയിൽ ലഭിച്ചിട്ടുള്ള വ്യക്തികൾക്ക് യോഗ്യതയില്ല.
- ജോയിന്റ് അക്കൗണ്ട് ഉണ്ടെങ്കിൽ ഒന്നിലധികം വ്യക്തികൾക്ക് അപേക്ഷിക്കാം. അവർ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ, അവരിൽ ഒരാൾ മാത്രമേ മറ്റുള്ളവരുമായി സഹകരിക്കുന്നുവെന്നു സൂചിപ്പിച്ചേ അപേക്ഷിക്കാവൂ